# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4553** **26.06.2014 ൽ മറുപടിക്ക്**

**റോഡുകളുടെ വികസനത്തിന് കേന്ദ്രസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം. എ. വാഹീദ്<br>,, പാലോട് രവി<br>,, സി. പി. മുഹമ്മദ്<br>,, കെ. ശിവദാസൻ നായർ | | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പു മന്ത്രി)** |
| എ) | റോഡുകളുടെ വികസനത്തിന് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ ; | എ) & ബി) | സംസ്ഥാനത്തെ ദേശീയപാത റോഡുകൾ ഗതാഗതയോഗ്യമായി നിലനിർത്തുന്നതിന് ആവശ്യമായ വികസന പ്രവൃത്തികൾ, അറ്റകുറ്റപണികൾ, ഉപരിതലം മെച്ചപ്പെടുത്തൽ, ഗതാഗത സുരക്ഷ പണികൾ എന്നിവയ്ക്ക് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സഹായം ലഭിക്കാറുണ്ട്. **2011** മുതൽ **2014** വരെയുള്ള കാലയളവിനുള്ളിൽ ഇതു പ്രകാരം **619.19** കോടി രൂപയുടെ പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. **523** കോടി രൂപ ചിലവ് പ്രതീക്ഷിക്കുന്ന ആലപ്പുഴ, കൊല്ലം, ബൈപ്പാസുകളുടെ നിർമ്മാ ണത്തിന്റെ പകുതി ചിലവ് കേന്ദ്രം വഹിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന റോഡുകളുടെ വികസനത്തിനായി സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി **33** പ്രവൃത്തികൾക്കായി **380.20** കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| ബി) | കേന്ദ്രസഹായം സംബന്ധിച്ച് വിശദാംശങ്ങൾ എന്തെല്ലാം ; | | |
| സി) | എത്ര റോഡുകളുടെ വികസനത്തിനാണ് ധനസഹായം ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ; | സി) | 2011 മുതൽ 2014 വരെയുള്ള കാലയളവിനുള്ളിൽ സംസ്ഥാന റോഡുകളുടെ വികസനത്തിനായി സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി 33 റോഡുകളിലായി മൊത്തം 503.05 കി.മീറ്റർ വികസനത്തിനാണ് ധനസഹായം ലഭിച്ചത്. |

| | | | |
|---|---|---|---|
| ഡി | പ്രസ്തുത റോഡുകളുടെ പണി എത്ര നാൾക്കകം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ? | ഡി) | മേൽപറഞ്ഞ പ്രവൃത്തികളിൽ 2013-14ന് മുൻപായി അനുമതി ലഭിച്ച 4 പ്രവൃത്തികൾ 2015 ലും ബാക്കി വരുന്ന 29 പ്രവൃത്തികൾ 2016 അവസാനത്തോടെയും പൂർത്തിയാക്കും. |

സെക്ഷൻ ഓഫീസർ